മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ സംസ്ഥാനത്ത് ഇരുനൂറ്റിപതിനഞ്ച് (215) ചാർജ്ജിംഗ് സ്റ്റേഷനുകളും നൂറ്റിഅൻപത്തിഒൻപതു (159) ഔട്ട്പോസ്റ്റുകളും ഉണ്ട്.

(ബി) അങ്ങനെ ഒരു പദ്ധതി ഉണ്ട്.

(സി) ഇല്ല.

(ഡി) 'സി'ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മി. സ്പീക്കർ : ചോദ്യം 4—ന കൂടി ഉത്തരം പറയണം.

പോലീസ് ഔട്ട്പോസ്റ്റുകൾ.

* 112. [4] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പോലീസ് ഔട്ട്പോസ്റ്റുകൾ ഉണ്ട് ;

(ബി) നിലവിലുള്ള ഔട്ട്പോസ്റ്റുകളുടെ സ്ഥാനത്ത് ചാർജ്ജിംഗ് സ്റ്റേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എറണാകുളം ജില്ലയിൽ ഇപ്പോൾ കുമാരപുരത്തുള്ള ഔട്ട് പോസ്റ്റ് ഒരു ചാർജ്ജിംഗ് സ്റ്റേഷനാക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) നൂറ്റിഅൻപത്തിഒൻപതു. (159)

(ബി) അപ്രകാരം ഒരു പദ്ധതി ഉണ്ട്.

(സി) ഇല്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോൾ നിലവിലുള്ള പദ്ധതിപ്രകാരം എത്ര ഔട്ട്പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്താനുള്ള പരിപാടിയുണ്ട് ; ഔട്ട്പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനുകളാക്കാനുള്ള ചുരുങ്ങിയ മാനദണ്ഡമെന്താണ് ?

ശ്രീ. ആർ. ശങ്കർ : സാധാരണ ഒരാണ്ടിൽ നാലോ അഞ്ചോ ഔട്ട് പോസ്റ്റുകൾ മാത്രമേ ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്തുകയുള്ളൂ. ഒരു ഔട്ട്പോസ്റ്റിൽ സാധാരണമായി ഒരു ഹെഡ് കാൺസ്റ്റബിളും മൂന്നു കാൺസ്റ്റബിൾമാരുമാണ് ഉള്ളതു്. എന്നാൽ ഒരു ഔട്ട്പോസ്റ്റ ചാർജ്ജിംഗ് സ്റ്റേഷനാക്കുകയാണെന്നുണ്ടെങ്കിൽ അവിടെ ഒരു സബ് ഇൻസ്പെക്ടർ, രണ്ടു ഹെഡ് കാൺസ്റ്റബിൾമാരും, 12 കാൺസ്റ്റബിൾമാരും ഉണ്ടായിരിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : മലബാറിൽ പോലീസ് സ്റ്റേഷനുകളിൽ ഔട്ട്പോസ്റ്റു് എന്നു പറഞ്ഞുവരുന്ന സമ്പ്രദായമനുസരിച്ച് ഒരു പോലീസ് സ്റ്റേഷന്റെ കീഴിൽ ഒന്നിലധികം ഔട്ട്പോസ്റ്റുകളുള്ള ഒരു പ്രത്യേക പരിതഃസ്ഥിതിയാണിന്നുള്ളതു്. ഇവിടെ ഈ ഔട്ട് പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്തുമ്പോൾ മലബാറിൽ ഒരു പോലീസ് സ്റ്റേഷനതിത്തിയിൽത്തന്നെ ഒന്നിലധികം ഔട്ട്പോസ്റ്റുകളുള്ളആ പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ച അവിടെയുള്ളഔട്ടപോസ്റ്റുകൾ അബോളിഷ് ചെയ്യ് ചാർജ്ജിംഗ് സ്റ്റേഷനാക്കാൻ ഗവണ്മെന്റു് നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതു സംബന്ധിച്ചു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നയം, വളരെ ആവശ്യമില്ലാത്ത ഔട്ട്പോസ്റ്റുകൾ നിറുത്തുകയും ആവശ്യമുള്ള ഔട്ട്പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനായി ഉയർത്തുകയും ചെയ്യുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണു്. മലബാറിലും തിരുവിതാംകൂർ–കൊച്ചിയിലും അതുസംബന്ധിച്ചു വലിയ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. സി. ഏബ്രഹാം : ഈ വർഷം ഏതെങ്കിലും ഔട്ടു്പോസ്റ്റുകൾക്കു ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതേതെല്ലാമാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഈ വർഷം ഏതാനും ഔട്ടു്പോസ്റ്റുകൾക്കും ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്താനുദ്ദേശിക്കുന്നുണ്ടു്. എക്സാക്റ്റായിട്ടുള്ള കണക്കു് ഇപ്പോഴെന്റെ കൈവശമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഏതെങ്കിലും ഒരു ഔട്ടുപോസ്റ്റു് ഒരു ചാർജ്ജിംഗ് സ്റ്റേഷനായി ഉയർത്തണമെന്നുണ്ടെങ്കിൽ ഒരു ചിത്രശലഭത്തിന്റെ മുന്നു ദശാഘട്ടത്തിലുള്ള സ്വഭാവവ്യത്യാസംപോലെ ഇതിനും അങ്ങനെ വല്ല ഘട്ടങ്ങളും ഉണ്ടോ ; അതോ ആദ്യം തന്നെ ഒരു ചാർജ്ജിംഗ് സ്റ്റേഷനായി തുറക്കുന്നതിനു പ്രയാസമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ആദ്യംതന്നെ ചാർജ്ജിംഗ് സ്റ്റേഷനായി തുറക്കുന്നതിനു പ്രയാസമുണ്ടു്.

ഓവർബ്രിഡ്ജുകളുടെ പണി.

* 113. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതു ഓവർബ്രിഡ്ജുകളുടെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു ;

(ബി) കളമശ്ശേരി, എറണാകുളം നോർത്തു് ഓവർബ്രിഡ്ജുകളുടെ പണി എന്നാണവസാനിക്കുകയെന്നു വ്യക്തമാക്കുമോ ;

(സി) എറണാകുളം നോർത്തു് ഓവർബ്രിഡ്ജിന്റെ പണി പൂർത്തിയായിട്ടും സമീപറോഡുകളുടെ പണി പൂർത്തിയാകാത്തതിനാലാണോ ഗതാഗതത്തിനു തുറന്നുകൊടുക്കാത്തതു് ;

(ഡി) പ്രസ്തുത റോഡുകളുടെ പണി എന്നാരംഭിച്ചു ; എന്നു പൂർത്തിയാകും ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) അഞ്ചു് ഓവർബ്രിഡ്ജുകളുടെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി, സി) ഈ രണ്ടു ഓവർബ്രിഡ്ജുകളുടേയും പണി പൂർത്തിയായി. എറണാകുളം നോർത്തു് ഓവർബ്രിഡ്ജു് ഗതാഗതത്തിനു തുറന്നുകൊടുത്തു. കളമശ്ശേരി ഓവർബ്രിഡ്ജു് എച്ചു്, എം. ഡി. റോഡിലേക്കു് ഗതാഗതത്തിനു തുറന്നുകൊടുത്തു. എറണാകുളത്തേക്കുള്ള അപ്രോച്ചു് റോഡിന്റെ ജോലി പൂർത്തിയായിവരുന്നു. ഒരു മാസത്തിനകം ഈ ഭാഗം ഗതാഗതത്തിനു തുറന്നുകൊടുക്കുന്നതാണു്.

(ഡി) എറണാകുളം ഓവർബ്രിഡ്ജിന്റെ അപ്രോച്ചു് റോഡുകളുടെ പണി ആരംഭിച്ചതു് 1962 സെപ്റ്റംബറിലാണു്. 63 ഡിസംബറിൽ പൂർത്തിയായി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എറണാകുളം നോർത്തു് ഓവർബ്രിഡ്ജിന്റെ പണിയെത്തുടർന്നുള്ള അപ്രോച്ചു് റോഡിന്റെ പണി വളരെ അമാന്തമായിട്ടാണു നടക്കുന്നതു് എന്നു് അറിയുന്നതു ശരിയാണോ ?

ശ്രീ. പി. പി. ഉമ്മർ കോയ : അതു ശരിയല്ല. ഓവർബ്രിഡ്ജിന്റെ പണി പൂർത്തിയായി. എന്നാൽ ബാനർജി റോഡിൽനിന്നു റെയിൽവേസ്റ്റേഷ

LIBRARY ARCHIVES Kerala Legislative Assembly